"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അന്തർവകുപ്പ് സ്ഥലംമാറ്റം - സംസ്ഥാന ജലഗതാഗത വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്‌സ് ഒഴിവിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അനൂപ്.ജി-ക്ക് പാലക്കാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3081/2025/LSGD തിരുവനന്തപുരം,തീയതി, 27-12-2025

---

പരാമർശം:-
1. സ.ഉ (പി)5/2013/ പി & എ ആർ ഡി തീയതി: 06.02.2013
2. സ.ഉ (പി)20/2014/ പി & എ ആർ ഡി തീയതി: 10.07.2014
3. ജല ഗതാഗത വകുപ്പ് മേധാവിയുടെ 13.02.2025-ലെ SWTDHO/227/2025-E2നം. സാക്ഷ്യപത്രം
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 02.09.2025-ലെ LSGD/PD/12479/2025/DEC4നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ജല ഗതാഗത വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്‌സ് ഒഴിവിൽ 22.02.2023-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. അനൂപ്.ജി-ക്ക്, ടിയാളുടെ മാതൃജില്ലയായ പാലക്കാട് ജില്ലയിൽ സംസ്ഥാന ജലഗതാഗത വകുപ്പിനു ഓഫീസുകളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏതെങ്കിലും ഓഫീസിലേക്ക് ക്ലർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്. ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിന് പാലക്കാട് ജില്ലയിൽ നിശ്ചിത ശതമാനപരിധിയിൽ ഒഴിവുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.അനൂപ്.ജി-യ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുകയാണെങ്കിൽ, ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതനായ ടിയാളെ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സങ്ങളൊന്നുമില്ല എന്ന് ജലഗതാഗത വകുപ്പ് മേധാവി പരാമർശം (3) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവീസ് കമ്മീഷൻ പാലക്കാട് ജില്ലാ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ക്ലർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതിനെതുടർന്ന് ഹെഡ് ക്വാർട്ടേഴ്‌സ് ഒഴിവിൽ സംസ്ഥാന ജലഗതാഗത വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമിതനായിട്ടുള്ള ശ്രീ.അനൂപ്.ജി-ക്ക്, പാലക്കാട് ജില്ലയിൽ സംസ്ഥാന ജലഗതാഗത വകുപ്പിനു

ഓഫീസുകളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ , പരാമർശം (1) &( 2)ലെ വ്യവസ്ഥകൾക്ക് വിധേയമായി, പാലക്കാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ക്ലർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, തിരുവനന്തപുരം
ശ്രീ.അനൂപ്.ജി,ക്ലർക്ക്, ജലഗതാഗത വകുപ്പ് (ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/ പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Suja. M
Date: 27-12-2025 17:22:05
സെക്ഷൻ ഓഫീസർ